**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2092** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സ്വയം തൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ, 80% മോ അതിനു മുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവർക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കായി സ്റ്റാർട്ട്അപ്പ് മിഷനുമായി ചേർന്ന് സ്റ്റാർട്ട്അപ്പ് ഡ്രീംസ് എന്ന പേരിലും ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ലാഭകരമായി മുന്നോട്ട് കൊണ്ടു പോകുന്നതിനും വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പിന്തുണ ലഭ്യമാക്കുന്നുണ്ടോ? | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ സ്വയം തൊഴിൽ സബ്സിഡി പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഗുണഭോക്താവിന്റെ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മൂന്നിലൊന്ന് തുക സബ്സിഡിയായി നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്ടുകൾക്ക് 75% തുക (പരമാവധി 10ലക്ഷം രൂപ) ജില്ലാതലത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. സ്റ്റാർട്ട്അപ്പ് മിഷനുമായി ചേർന്ന് സ്റ്റാർട്ട്അപ്പ് ഡ്രീംസ് എന്ന പേരിൽ നടപ്പിലാക്കി വരുന്ന പദ്ധതിയിലൂടെ സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സഹായത്തോടെ മികച്ച ഉൽപ്പന്നം |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ